Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 17 Vol. 01 September 2023





# 65þmw kwØm\ kt½f\w

2023 sabi 12þ13, t I mgnt ¡ mS













Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 17 Vol. 01 September 2023

Managing Editor :
**S. VIJAYAKUMAR**

Printer & Publisher :
**M. S. MANOJ KUMAR**

Editor:
**MANOJ T. G.**
E-mail: manojpmst@gmail.com
Ph: 9747594837

Editorial Board:
**ABHILASH JAYARAM**
**D. N. ANITHA**
**K. P. SAJEER**
**S. RAJESH KUMAR**
**K. T. SADANANDAN**
**SREEVIDYA K G.**
**SREELESH P.**

Layout & Printing
**Alwaye Press, Aluva**
0484-2623318

## ഉള്ളടക്കം


- എഡിറ്റോറിയൽ 02
  മനോജ് ടി. ജി.
- ജനറിക് മരുന്ന് ജനപക്ഷ നിലപാട് 03
  എസ്. വിജയകുമാർ (പ്രസിഡന്റ്)
- ഫാർമാട്രിക്സ് - ശ്രീകുമാർ ആലപ്പുഴ 04
- സഫലമായ സംഘടനാ ചർച്ചകൾ 05
  മനോജ്കുമാർ എം.എസ്. (ജനറൽ സെക്രട്ടറി)
- സമ്മേളനം സാമൂതിരിയുടെ നാട്ടിൽ 07
  ശ്രീലേഷ് പി.
- FIPO പ്രസക്തിയും, പ്രാധാന്യവും 09
  എം. കെ. പ്രേമാനന്ദൻ
- മഴ (കവിത) 11
  അശ്വതി കെ.എ.
- മനോജ് എം.കെ. - സംഘടനയുടെ കാവലാൾ 12
  ബിജിൽ കുമാർ പി.
- വാർത്തകൾ 13
- നിവേദനങ്ങൾ 14
- ജില്ലാ വാർത്തകൾ 15
- ഓർമ്മകളിൽ ഒരു മുഖ്യമന്ത്രി 16
  ടി. ജി. ഷൈൻ
- The War against Superbugs: Combating Antimicrobial Resistance What is Antimicrobial Resistance (AMR)? 17
  Mahalakshmi R.
- പൂക്കളാകുന്ന മനുഷ്യർ (കവിത) 20
  ഉമൈറ സി. കെ.


www.kgpa.co.in





# എഡിറ്റോറിയൽ


**മനോജ് ടി. ജി.** എഡിറ്റർ


സമ്മർദ്ദങ്ങൾക്ക് നടുവിൽ നെടുവീർപ്പുമായി നമ്മൾ ജീവിക്കാൻ തുടങ്ങിയിട്ട് അധികം നാളുകളായിട്ടില്ല. ജീവിതശൈലീരോഗ ക്ലിനിക് എന്ന സങ്കല്പം പ്രാവർത്തികമാവുകയും കുടുംബാരോഗ്യകേന്ദ്രം എന്ന കാഴ്ചപ്പാടിൽ സ്ഥാപനങ്ങൾ മെച്ചപ്പെടുകയും ചെയ്തപ്പോൾ തിരക്കിന്റെ തള്ളലിൽ ആശുപത്രിക്ക് അകത്ത് ഒറ്റപ്പെട്ടുപോയവരാണ് ഫാർമസിസ്റ്റുകൾ.

ഏകാന്തമായി ഫാർമസി വെളിച്ചത്തിൽ തിരക്കിനോട് പൊരുതി സന്ധ്യയുടെ ശാന്തതയിലേക്ക് നനഞ്ഞിറങ്ങി പോവുന്ന ഒരാളാണ് നമ്മളിൽ പലരും.

സർവ്വീസ് മേഖലയിലെ പുതിയ കാഴ്ചകളിൽ സ്കൂളുകളിൽ പ്രധാന അദ്ധ്യാപകൻ ആവാൻ ആളില്ല. പോലീസ് വകുപ്പിൽ നിരവധി പേർ വി.ആർ.എസ്. എന്ന കയറിൽ തൂങ്ങി പുറത്തേക്ക് പോവാൻ ഒരുങ്ങുന്നു. അത്രമാത്രം മാരകമല്ല നിലവിൽ ഫാർമസി വിഭാഗം. എങ്കിലും അത്തരം ചിന്തകളുടെ ചരടിൽ നമ്മൾ അതിവേഗം കോർത്തെടുക്കപ്പെടുന്നു എന്നത് യാഥാർത്ഥ്യമാണ്.

പൊതുസമൂഹം തീരെ ചർച്ച ചെയ്യാത്ത ഒന്നായി ഫാർമസിക്ക് മുന്നിലെ തിരക്ക് വളരുന്നു. പകരക്കാരെ വച്ച് ദിനങ്ങൾ തള്ളിനീക്കുന്ന സ്ഥാപനമേധാവികൾ പൊതുസമൂഹത്തോട് എന്താണ് കൽപിക്കുന്നത്. നിയമം കൂട്ടിനുള്ളപ്പോഴും വിട്ടുവീഴ്ചകളുടെ കൂട്ടിൽ നമ്മൾ പെട്ടുപോവുന്നു എന്നത് നിവർത്തികേട് കൊണ്ടുമാത്രമാണ്.

വിട്ടുവീഴ്ചകൾ ഫാർമസിസ്റ്റുകളെ നടത്തിയത് മാനസികമായ പിരിമുറുക്കത്തിലേക്കല്ലേ... ഉച്ചഭക്ഷണം വേണ്ടെന്ന് വച്ച് മരുന്നുമായി പലരും മൽപിടുത്തം തുടരുന്നു. സ്വന്തം മനഃസാക്ഷിക്കു വേണ്ടി മരുന്നുപാക്കറ്റുമായി എന്നും എവിടെയും യാത്രചെയ്യുന്നു. സമയം കഴിഞ്ഞും നടുവൊടിക്കുന്ന വേദന പേറി മറ്റുള്ളവർക്ക് സൗഖ്യം ഉറപ്പുവരുത്തുന്നു.

പോസ്റ്റുകൾ സൃഷ്ടിക്കുന്നതിൽ പോരായ്മകൾ കണ്ടെത്തി പരിഹരിക്കാൻ അമാന്തിക്കുമ്പോൾ അടുത്ത തലമുറയെ ഈ വഴി നടത്താതിരിക്കാൻ പലരും മക്കളെ മറ്റ് കോഴ്സുകളിലേക്ക് ഉപദേശിക്കുന്നു. കേരളത്തിലെ ആരോഗ്യമേഖലയിൽ തിരക്കിനി കുറയാനും പോവുന്നില്ല. മരുന്നിനായി മത്സരിക്കുന്ന പൊതുജനങ്ങൾക്ക് അപ്പുറം നൊമ്പര കാഴ്ചയായി വിറച്ചു പോവുന്നു ഫാർമസിസ്റ്റുകൾ. അടിയന്തിരമായി ഈ ഭാഗത്തിന് ചികിത്സ ആവശ്യമാണ്. ഒരു വിഭാഗത്തെ ഇങ്ങനെ വെയിലത്ത് നിർത്തി എത്ര നാൾ...?

പുതിയ ഉത്തരവുകൾ താല്കാലിക നിയമനങ്ങൾക്ക് വിലങ്ങുതടിയായി അവതരിച്ചിട്ടുണ്ട്. NHM പദ്ധതികളിൽ ഫാർമസിസ്റ്റ് തസ്തിക കൂടുതൽ അനുവദിച്ചു കിട്ടിയില്ലെങ്കിൽ വരുംകാലത്ത് വിഷമതകളുടെ രോഗപ്പകർച്ചയ്ക്ക് നമ്മൾ അടിമപ്പെട്ടുപോകും.

# ജനറിക് മരുന്ന് ജനപക്ഷ നിലപാട്



പ്രസിഡന്റ് **എസ്. വിജയകുമാർ**

ദേശീയ ആരോഗ്യനയത്തിന്റെ ഭാഗമായി മരുന്ന് കുറിപ്പടികൾ ജനറിക് നാമത്തിൽ മാത്രം എന്ന ആശയം പുറത്ത് വന്നു.

കെ.ജി.പി.എ. വളരെ വർഷങ്ങളായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതാണ് ഇത്. മരുന്ന് കമ്പനികളുടെ സാമ്പത്തികപിടിയിൽ നിന്ന് സാധാരണക്കാരെ സംരക്ഷിക്കാൻ ഉള്ള ഒരു ആശയം എന്ന നിലയിൽ പൊതുസമൂഹവും ഈ നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു എന്നാണ് മനസ്സിലാക്കുന്നത്.

രോഗത്താൽ വലഞ്ഞ ഒരു രോഗി ഡോക്ടർ കുറിച്ച ഒരു മരുന്നുമായി പിന്നെയും ബ്രാൻഡ് നാമം തേടി വലയുന്നു എന്ന പരാതി വ്യാപകമായി ഉണ്ട്. കാഴ്ചവയ്ക്കുന്ന ദ്രവ്യങ്ങൾക്ക് അനുസരിച്ച് എഴുത്തിൽ മാറ്റം വരുത്തുന്ന ഭിഷഗ്വരന്മാർ അനവധിയുള്ള ഒരു നാടാണ് നമ്മുടേത്. ജനങ്ങൾ ഇന്ന് 65% ആശ്രയിക്കുന്ന പൊതു ആരോഗ്യ സംവിധാനത്തിലെ മൂന്നു തട്ടുകളിലും ജനറിക് മരുന്നുകളാണ് നൽകുന്നത്. രോഗം മാറിയില്ല എന്ന പരാതി ആർക്കും ഇല്ലതാനും.

ജനങ്ങൾ ജീവിതശൈലീരോഗങ്ങൾക്കായി കോടിക്കണക്കിന് രൂപ കേരളത്തിൽ ചിലവിട്ടുകൊണ്ടിരിക്കുന്നു. സർക്കാർ ആശുപത്രികളിലൂടെ തികച്ചും സൗജന്യമായി ലഭിക്കുന്ന ജനറിക് മരുന്നുകൾ അവരുടെ രോഗത്തിന് എത്ര മാത്രം ഗുണകരമാണ് എന്നത് ആശുപത്രിയിലെ തിരക്കുകൾ വിളിച്ചുപറയുന്നു. സർക്കാരിന്റെ മറ്റൊരു സമാന്തര മരുന്ന് വിതരണ ശൃംഖലയാണ് ജനഔഷധി എന്നത്. അവിടെയും വളരെ തുച്ഛമായ തുകയ്ക്ക് മരുന്നുകൾ ലഭിക്കുന്നു. അതും ഒരു ബ്രാൻഡ് നാമത്തിൽ അല്ല. കേന്ദ്രീകൃതമായി മരുന്ന് ഉൽപാദിപ്പിക്കുമ്പോൾ അതിന്റെ വില കുറയുന്നു എന്നത് സ്വാഭാവികമാണ്. കേരളം പോലെയുള്ള ഒരു ചെറിയ സംസ്ഥാനത്ത് 18,000 കോടി രൂപയുടെ മരുന്ന് മാർക്കറ്റ് ഉണ്ട് എന്ന് പറയുന്നു. അതിൽ ഗണ്യമായ കുറവ് മരുന്നിനായി ഇത്തരം നിലപാടുകൾ വഴി ഉണ്ടാക്കാൻ ഭരണകൂടം ശ്രമിക്കുമ്പോൾ കെ.ജി.പി.എ. യുടെ മറ്റൊരു പ്രഖ്യാപിത ലക്ഷ്യം കൂടി നിറവേറുകയാണ്.

പക്ഷെ മികച്ചതും ജനപക്ഷ നിലപാടുള്ളതുമായ ജനറിക് മരുന്ന് എഴുതണം എന്ന ആശയത്തെ ഇവിടെ നിലനിർത്തണമെങ്കിൽ അതിന്റേതായ ഗുണമേന്മാനയം നമ്മൾ ആവിഷ്കരിക്കണം. മരുന്നുകളുടെ ഗുണമേന്മ പരിശോധിക്കാൻ അർഹതപ്പെട്ടവർ ഡ്രഗ് ഇൻസ്പെക്ടർ തലത്തിൽ ഇവിടെ 47 പേരേ ഉള്ളൂ. ഒരാൾ തന്നെ 4–ലേറെ താലൂക്കുകളുടെ ചാർജ് വഹിക്കുന്നു എന്നാണ് അറിവ്. സ്വകാര്യ മേഖലയിലും പൊതു മേഖലയിലും ഉള്ള സ്ഥാപനങ്ങൾ സന്ദർശിച്ച് സാമ്പിൾ ശേഖരിച്ചാലും അവ ഗുണപരിശോധന നടത്തേണ്ട ലാബുകൾക്ക് പിന്നെയും ക്ഷാമമാണ്. വിരലിൽ എണ്ണാവുന്ന അത്തരം കേന്ദ്രങ്ങ

ളിൽ സമയനിഷ്ഠം പാലിച്ച് മരുന്ന് പരിശോധന പൂർത്തീകരിക്കാൻ നിലവിൽ വിഷമകരമാണ്.

അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ മാർഗ്ഗം തേടിക്കൊണ്ട് മാത്രമേ ദേശീയ നിയമങ്ങൾ നടപ്പിലാക്കാൻ ഇറങ്ങി പുറപ്പെടാവൂ. അതുകൊണ്ടാണ് IMA പോലുള്ള സംഘടനകൾ ആദ്യം സ്വാഗതം ചെയ്തുവെങ്കിലും പിന്നീട് നിശിത വിമർശനവുമായി രംഗത്ത് വന്നത്.

സർക്കാർ സ്ഥാപനങ്ങൾക്ക് പുറത്ത് നിരവധി സ്വകാര്യ ഷോപ്പുകളിൽ മരുന്ന് മുതലാളിമാർക്ക് ലാഭം കൊയ്യാൻ മാത്രം ഇത്തരം നിയമങ്ങൾ തീറെഴുതിക്കൂടാ... ഗുണമേന്മയുള്ള ഔഷധങ്ങളാണ് അവർ വിതരണം ചെയ്യുന്നത് എന്നും ഉറപ്പുവരുത്തണം. ഒരു വ്യവസ്ഥ എന്ന രീതിയിൽ മത്സരബുദ്ധിയിൽ ഈ നിയമം പരിഗണിക്കുമ്പോൾ പിന്നെയും പ്രശ്നങ്ങൾ ബാക്കിയാണ്. ഈ മേഖലയിൽ പല തട്ടുകളിലായി നിരവധി പേർ ജോലിചെയ്യുന്നു. ഏതായാലും മരുന്ന് ഏത് കമ്പനിയുടെ നൽകണം എന്ന ആശയത്തിന് പുറത്ത് അമിതലാഭം എന്ന നിലയിലേക്ക് ഇത് കൂപ്പുകുത്തുമോ എന്ന് കണ്ടറിയണം. അതിനെ തിരായ നിലപാടുകളുമായി സർക്കാരിനൊപ്പം എന്നും കെ.ജി.പി.എ. ഉണ്ടാവും.

## ഫാർമാട്രിക്സ്

ശ്രീകുമാർ ആലപ്പുഴ





# സഫലമായ സംഘടനാ ചർച്ചകൾ

മനോജ്കുമാർ എം.എസ്.
ജനറൽ സെക്രട്ടറി

സംസ്ഥാന സമ്മേളനം കോഴിക്കോട് കൊടിയിറങ്ങി. സംഘടന പ്രവർത്തനങ്ങൾക്ക് കോഴിക്കോട് സമ്മേളനം ഊർജ്ജമായി, ഉണർവ്വായി കൂടെ നടക്കുന്നു. സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ച വനം വകുപ്പ് മന്ത്രി ശശീന്ദ്രൻ പറഞ്ഞ വാചകങ്ങൾ ഓർമ്മയിൽ ഉണ്ട്. "ഏകസംഘടനയുമായി ആറ് പതിറ്റാണ്ടിനപ്പുറം നടന്നു നീങ്ങുന്ന ഒരുപറ്റം ജീവനക്കാരെ മനസ്സാ നമസ്കരിക്കുന്നു ഞാൻ."

ഇത് ഒരു മാതൃകയാണ്. പിണങ്ങുകയും പിരിയുകയും ചെയ്യുന്ന മനസ്സുകളോട് അകലംപാലിച്ച് കെ.ജി.പി.എ. എന്ന നാലക്ഷരത്തോട് ചേർന്നു നിൽക്കാൻ കൊതിക്കുന്ന ഒരു വിഭാഗത്തെ അസൂയയോടെ നോക്കികാണുന്ന പലരും ഇവിടെയുണ്ട്. നമ്മളെ പിളർത്താനും അടർത്താനും ആഞ്ഞു ശ്രമിക്കുന്ന വക്രബുദ്ധിയുള്ളവർക്ക് മുന്നിൽ മരുന്നിന്റെ ഡോസുപോലെ നമ്മൾ ഏറിനിൽക്കുന്നു. സൂപ്പർ ബഗ്ഗുകൾ നിലവിളിയുമായി അകലെ തന്നെയാണ്. പ്രതിരോധത്തിന്റെ കോട്ടയുടെ പടയാളികളായി സമ്മേളന ഹാൾ രണ്ടുദിനവും നിറഞ്ഞ് നിന്നിരുന്നു.

തിരുവനന്തപുരം നഗരത്തിന്റെ കണ്ണായ സ്ഥലത്ത് സ്വന്തം മന്ദിരം കെട്ടിപ്പൊക്കാൻ നിസ്വാർത്ഥമായി സഹകരിച്ച പ്രവർത്തകരുടെ പങ്കിനെപ്പറ്റി പറയാതിരിക്കാനാവുമോ... വൈകിയെങ്കിലും സ്വന്തം പതാക പാറുന്ന തിരുമുറ്റം അനന്തപുരിയുടെ നെഞ്ചിൽ നമ്മുടെ സംഘഗാനം മുഴക്കിക്കൊണ്ടിരിക്കുന്നു. ജില്ലകളിൽ നിന്നുള്ള പ്രവർത്തകർക്ക് ജില്ലാ സെക്രട്ടറിയുടെ അനുമതിയോടുകൂടി തിരുവനന്തപുരത്ത് തങ്ങാൻ ഈ കെട്ടിടം സൗകര്യപ്പെടുത്തിയിട്ടുണ്ട്. അടിയോടിസാറിന്റെ ഓർമ്മയ്ക്കായി ഒരു ലൈബ്രറിയും അവിടെ പ്രവർത്തിക്കുന്നു. ജില്ലകളിൽ നിന്നുള്ള സംഭാവനയായി പുസ്തകങ്ങൾ എത്തിക്കൊണ്ടിരിക്കുന്നു.

സംഘടനാ ചർച്ചകൾ നിലവാരം പുലർത്തിയിരുന്നു. ESI, മെഡിക്കൽ വിദ്യാഭ്യാസ മേഖല എന്നിവിടങ്ങളിൽ നിന്ന് വലിയ ആവേശം സമ്മേളനത്തിന് ഉണ്ടായി. വിമർശനങ്ങൾ വന്നത് സ്വാഭാവികം. ജനാധിപത്യത്തിന്റെ മൗലിക ചിന്തയുടെ മറുപുറം തേടി ആരും പോയില്ല. എല്ലാം നേടി എന്നോ, മികച്ചതായിരുന്നു കഴിഞ്ഞ പ്രവർത്തനകാലം എന്നോ പ്രവർത്തന റിപ്പോർട്ട് അവകാശപ്പെടുന്നില്ല. രാഷ്ട്രീയ ഗുണനപട്ടികയിൽ നമ്മെ വെള്ളം കുടിപ്പിക്കാൻ അക്കങ്ങളുമായി ചോദ്യങ്ങളുമായി പലരും കാത്തിരിക്കുന്നു എന്ന തിരിച്ചറിവിൽ ഓരോ വാക്കും നമുക്ക് കരുതേണ്ടി വരുന്നു.

സംഘടനയെ നയിക്കാൻ ഏറ്റവും മികച്ചവരെ തന്നെയാണ് സമ്മേളനം തിരഞ്ഞെടുത്ത

ത്. കൊഴിഞ്ഞുപോവുന്ന പഴയവരുടെ ആവേശം ഏറ്റുപിടിക്കാൻ പ്രാപ്തരായവരെ കണ്ടെത്തുക എന്നതാണ് ശരിയായ വെല്ലുവിളി... ഓരോ പുതുമുഖത്തെയും ബ്രാഞ്ച് - ജില്ല സമ്മേളന ഹാളിലേക്ക് എത്തിക്കുകയും വർത്തമാനങ്ങൾ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ മികച്ച കേൾവിക്കാരിൽ നിന്ന് പുതിയ നേതൃത്വം ഉയർന്നുവരും... അതാണ് കീഴ്വഴക്കം... നിറഞ്ഞ ദേശപോഷിണി ഹാളിൽ നിന്ന് നാളത്തെ സംഘടന നേതാക്കളായി ആരൊക്കെയാവും ഉയർന്നുവരിക.

ഇ-ഹെൽത്ത് നമ്മുടെ സ്ഥാപനങ്ങളിൽ പതിയെ പതിയെ ആരംഭിക്കുകയാണ്. കഴിഞ്ഞ 4 വർഷമായി പൊതു ഫാർമസികളിൽ മരുന്ന് വിതരണം ഇതുവഴിയായി നടക്കുന്നു... പക്ഷേ കുറ്റമറ്റ രീതിയിൽ DDMS നെ Eഹെൽത്തുമായി ബന്ധിപ്പിക്കാൻ നമുക്കായിട്ടില്ല. മരുന്നുകൾ Eഹെൽത്തിൽ ചേർത്തു കൊടുക്കുകയും അതിൽപ്പെടാത്തവ മെഡിക്കൽ ഓഫീസർമാർടിക്ക് ചെയ്ത് വിടുകയും ചെയ്യുമ്പോൾ ഡിസ്പെൻസിംഗ് രജിസ്റ്റർ, സബ്ബ് സ്റ്റോക്ക് രജിസ്റ്റർ അടക്കം പലതും നമ്മൾ പിന്തുടരേണ്ടിവരുന്നുണ്ട്... ആധുനികതയുടെ കൈയൊപ്പുമായി കമ്പ്യൂട്ടർ സംവിധാനം ഫാർമസിസ്റ്റുകൾക്ക് സമയനഷ്ടം ഉണ്ടാക്കുന്നു എന്ന പരാതിയും വ്യാപകമായി ഉണ്ട്. വേഗത്തിലുള്ള പരിഷ്കരണത്തിലൂടെ ഇത് മറികടക്കാൻ നമുക്ക് സാധിക്കട്ടെ...

വിവിധ വിഷയങ്ങളിൽ നിവേദനങ്ങൾ നല്കി നമ്മൾ കാത്തിരിക്കുകയാണ്.

KMSCL വാഹനങ്ങൾ ലഭ്യമല്ലാത്തതിനാൽ മരുന്നുവിതരണത്തിലെ കാലതാമസം ശ്രദ്ധയിൽപ്പെടുത്തി എങ്കിലും ഇത്ര മഴക്കാല മാസങ്ങൾ കഴിഞ്ഞിട്ടും പരിഹാരം അകലെയാണ്. ബ്ലീച്ചിംഗ് പൗഡറിന്റെ വിതരണവും കൂടാതെ ഇ.എസ്.ഐ., മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളും പരിഹരിക്കാനും അവർക്കായിട്ടില്ല.

15 വർഷം കഴിഞ്ഞ വാഹനങ്ങൾ കിടന്ന് ജീർണ്ണിക്കുമ്പോൾ സ്വന്തം വാഹനത്തിൽ കൃത്യസമയത്ത് മരുന്നെത്തിച്ചിരുന്ന ഒരു കാലവും നമുക്കന്യമായി. വലിയ വാഹനങ്ങൾ വെയർഹൗസ് ബോർഡ് വച്ച് സ്ഥാപനങ്ങളിൽ വന്നിട്ട് എത്രയോ കാലമായി.

മരുന്നില്ലാതെ ജനരോഷത്തിന് മുന്നിൽ തിരക്കിലും മറുപടി പറഞ്ഞ് ഫാർമസിസ്റ്റുകൾ വിഷമിക്കുന്നു. സജീവമായ സാമൂഹ്യശ്രദ്ധയും ഡിപ്പാർട്ടുമെന്റൽ ഇടപെടലുകളും ഇതിൽ പതിയേണ്ടതുണ്ട്.

സ്ഥിരനിയമനങ്ങൾ തേടി ഇ,എസ്.ഐ. മേഖല നീണ്ട കാത്തിരിപ്പിലാണ്. വർക്കിംഗ് അറേഞ്ച്മെന്റ് എന്ന പേരിൽ ജീവനക്കാരെ നെടുകെയും കുറുകേയും ഓടിക്കുന്ന പരിപാടിക്ക് അറുതി വരുത്തേണ്ടതുണ്ട്. എംപ്ലോയ്മെന്റ് നിയമനങ്ങൾ നല്കി ജോലിഭാരം ലഘൂകരിക്കേണ്ടതാണ്.


**സർവ്വീസ് സംബന്ധമായ ഉത്തരവുകൾക്ക് സന്ദർശിക്കുക**

**www.kgpa.co.in**

**ഫാർമസി ബുള്ളറ്റിൻ**

**സംഘടനയുടെ മുഖപത്രം**



# സമ്മേളനം... സാമൂതിരിയുടെ നാട്ടിൽ



**ശ്രീലേഷ് പി.**
ജില്ലാ സെക്രട്ടറി കോഴിക്കോട്

**സം**സ്ഥാന സമ്മേളനത്തിന് മെയ് 12, 13 തിയതികളിൽ കെ.പി. വർക്കി നഗർ, ദേശ പോഷിണി കമ്മ്യൂണിറ്റി ഹാൾ, കോഴിക്കോട് ആതിഥ്യമരുളി. നീണ്ട രണ്ടര പതിറ്റാണ്ടിന് ശേഷം സംസ്ഥാന സമ്മേളനം മലബാറിന്റെ മണ്ണിൽ വിരുന്നെത്തുമ്പോൾ ഏറെ സന്തോഷവും അഭിമാനവും അതിലേറെ ആശങ്കയും നിഴലിച്ചു. ആതിഥ്യമര്യാദയ്ക്കൊപ്പം ഒട്ടനവധി സമരചരിത്രങ്ങൾക്കും മാതൃകാപരമായ നേതൃത്വം നൽകിയ പൈതൃകം പേറുന്ന, ഒരുമയുടെ കാഹളം പോലെ തിരമാലകൾ നൃത്തം വയ്ക്കുന്ന കോഴിക്കോടിന്റെ മണ്ണിൽ ആ പൈതൃകത്തിന്റെ മാറ്റൊലി ചോരാതെ ഫാർമസി പ്രൊഫഷന്റെ പോരാളികൾക്ക് പ്രൗഢോജ്ജ്വല സ്വാഗതമൊരുക്കാൻ നമുക്കാവുമോ? എന്നാൽ ആശങ്കകൾക്കപ്പുറത്ത് പ്രതിബദ്ധതയും കർമ്മനിരതയും ചാലിച്ച് സമ്മേളനത്തിന് മാറ്റ് ചാർത്താൻ ഒരൊറ്റ മനസ്സായി അണിനിരന്നപ്പോൾ ആശങ്കകൾ അകലെയായി. സമ്മേളന ഒരുക്കത്തിന് തുടക്കത്തിൽ തന്നെ കാർമേഘങ്ങൾ നിറഞ്ഞ വാനവും ചാറ്റൽമഴയും പ്രതിസന്ധികളുമായെത്തി. തോരണങ്ങളും അലങ്കാരങ്ങളും മഴ കവരുമോ? വൈകാതെതന്നെ ഊർജ്ജസ്വലതയും സംഘടന പ്രവർത്തനത്തിന്റെ ഐക്യബോധവുമുള്ള സജീവ പ്രവർത്തകർക്ക് മുന്നിൽ കീഴടങ്ങിയപോലെ മഴയും പിന്മാറി.

മെയ് 12 തെളിഞ്ഞ പ്രഭാതം സമ്മേളന നഗരി ഉണർന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വിവിധ മാർഗ്ഗങ്ങളിലൂടെ ഒരേ ലക്ഷ്യവുമായെത്തിയ പ്രവർത്തകർ ആവേശത്തോടെ സമ്മേളന വേദിയിലെത്തി. സംഘടന പ്രവർത്തനത്തിന്റെ അച്ചടക്കം സൂക്ഷിച്ച് വാനിലുയർന്ന മുദ്രാവാക്യങ്ങൾക്കും മുഷ്ടികൾക്കുമിടയിൽ KGPA സംസ്ഥാന പ്രസിഡന്റ് എസ്. വിജയകുമാർ പതാക ഉയർത്തി. തുടർന്ന് ബഹു. തുറമുഖം, മ്യൂസിയം വകുപ്പ് മന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്തു. തുടർന്ന് വിവിധ സംഘടന നേതാക്കൾ ആശംസകളറിയിച്ചു. ജനപ്രതിനിധികളും വിവിധ സംഘടന നേതാക്കളും അതിഥികളായെത്തിയ സമ്മേളനത്തിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നിറഞ്ഞ സദസ്സ് സ്വാഗതമേകി. ശേഷം ഒരു വർഷത്തെ സംഘടനയുടെ പ്രവർത്തനങ്ങൾ വ്യക്തമായി വരച്ച് കാണിച്ച് സംസ്ഥാന ജനറൽ സെക്രട്ടറി എം.എസ്. മനോജ് കുമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

പ്രൊഫഷനും ജീവനക്കാരും നേരിടുന്ന വെല്ലുവിളികൾക്ക് പ്രതിരോധത്തിന്റെ മതിലുകൾ തീർക്കാനും മുന്നോട്ടുള്ള പ്രയാണത്തിന് പാതയൊരുക്കാനും പുതിയ ആശയങ്ങളും ഗൗരവമാർന്ന ചർച്ചകളുമായി വിവിധ ജില്ലകളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തെ ഗൗരവമേറിയതും അർത്ഥവത്തുമാക്കി.

ഉച്ചഭക്ഷണത്തിന് ശേഷം ആലസ്യത്തെ അകറ്റിനിർത്തി അറിവിന്റെ ആഴങ്ങൾ നമുക്കായി പകർന്ന് നൽകിയ സെമിനാർ. KARSAP Regulations to optimize the use of Antibiotics in Health, Animals & Food എന്ന വിഷയത്തിൽ മലപ്പുറം ഡ്രഗ്സ് ഇൻസ്പെക്ടർ ശ്രീ. ടി.എം. അനസ് സാറും KARSAP Challenges and Role of Pharmacist എന്ന വിഷയത്തിൽ KGPA സജീവ പ്രവർത്തകനും ഫറോക്ക് ഇ.എസ്. ഐ. ഫാർമസിസ്റ്റുമായ ശ്രീ. രതീഷ്കുമാർ N.M. ഉം അറിവുകൾ പകർന്നു നൽകിയപ്പോൾ തികഞ്ഞ അച്ചടക്കവും ചർച്ചകളുമായി സദസ്സും മാതൃകയായി.

പടിഞ്ഞാറൻ ചക്രവാളത്തിൽ അറബിക്കടലിന്റെ ആഴങ്ങളിലേക്ക് മറഞ്ഞ് സൂര്യൻ യാത്ര പറഞ്ഞെങ്കിലും; കെ.ജി.പി.എ. കലാകാരൻമാരുടെയും കലാകാരികളുടെയും ഗാനങ്ങളും നൃത്തച്ചുവടുകളും ഒപ്പം നാടൻപാട്ടിന്റെ ഈണവും താളവും കൂടി ചേർന്നതോടെ രാവും പകലായി മാറി. ഭരതനാട്യവും തിരുവാതിരയും ഫ്യൂഷൻ ഡാൻസും ഗാനങ്ങളുമായി കെ.ജി.പി.എ.യുടെ അഭിമാനങ്ങൾ അരങ്ങ് തകർത്തപ്പോൾ സമ്മേളന നഗരിയിൽ ഉത്സവപ്രതീതിയുണർന്നു.

ഉത്തരവാദിത്വങ്ങൾ സ്വയം ഏറ്റെടുത്ത് തികഞ്ഞ അർപ്പണബോധത്തോടെയും അച്ചടക്കത്തോടെയും കോഴിക്കോടിന്റെ വനിത പ്രവർത്തകർ സമ്മേളന നഗരിയിൽ കർമ്മനിരതരായപ്പോൾ ചിത്രശലഭങ്ങൾക്ക് വർണ്ണങ്ങളെന്നപോലെ സമ്മേളന നഗരിയും വർണ്ണാഭമായി.

വിടപറഞ്ഞ സൂര്യൻ തിരികെയെത്തി. മെയ് 13ന് രാവിലെ വീണ്ടും സമ്മേളന നഗരി ഉണർന്നു. ഉദ്ഘാടന സമ്മേളനം ബഹു. വനം വകുപ്പ് മന്ത്രി ശ്രീ. എം.കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് കോർപ്പറേഷൻ മേയറും സ്വാഗതസംഘം രക്ഷാധികാരിയുമായ ഡോ. ബീന ഫിലിപ്പ് അദ്ധ്യക്ഷയായിരുന്നു. വിവിധ സംഘടനാ നേതാക്കളുടെ ആശംസകൾക്കും തുടർ പ്രതിനിധി ചർച്ചകൾക്കും ശേഷം പ്രമേയങ്ങളും അവതരിപ്പിച്ചു. ഭാരവാഹി തെരഞ്ഞെടുപ്പും നടന്നു. പുതിയ നേതാക്കളെ ഐക്യത്തോടെ തെരഞ്ഞെടുത്തു.

ചിന്തകളും ചർച്ചകളും ആഘോഷങ്ങളും സമന്വയിച്ച രണ്ട് ദിനരാത്രങ്ങൾ കൊഴിഞ്ഞു. നഗരത്തോട് വിടപറയുമ്പോൾ രാഷ്ട്രീയത്തിനും വ്യക്തി താല്പര്യത്തിനും ഉപരി, കെ.ജി.പി.എ. എന്ന വികാരത്തെ അവർ നെഞ്ചിലേറ്റിയിരുന്നു. പുതിയ പോർമുഖങ്ങളിൽ ഒരുമിക്കാം എന്ന ഉറപ്പോടെ.



# FIPO
# പ്രസക്തിയും, പ്രാധാന്യവും



**എം കെ പ്രേമാനന്ദൻ**
സംസ്ഥാന ജനറൽ സെക്രട്ടറി
FIPO

**ഫെ**ഡറേഷൻ ഓഫ് ഇന്ത്യൻ ഫാർമസിസ്റ്റ്സ് ഓർഗനൈസേഷൻസ് (FIPO) കേന്ദ്ര, സംസ്ഥാന സർവീസുകളിലും പൊതുമേഖല സ്ഥാപനങ്ങളിലും, സ്വകാര്യ മേഖലയിലും തുടങ്ങി എല്ലാ മേഖലകളിലും പ്രവർത്തിക്കുന്ന വിവിധ ഫാർമസിസ്റ്റ് പ്രസ്ഥാനങ്ങളുടെ ദേശീയതലത്തിലുള്ള കൂട്ടായ്മയാണ്. ഒരു കാലത്ത് വളരെ പ്രഗത്ഭരായ ഫാർമസിസ്റ്റ് സംഘടന നേതാക്കളായ എം.എൻ.വി.ജി. അടിയോടി, വാസിറെഡി റാമറാവു, ആർ.എസ്. താക്കൂർ, എം.എസ്. ആര്യ തുടങ്ങിയവർ നയിച്ച ഭാരതത്തിലെ ഫാർമസിസ്റ്റുകൾക്ക് സ്വപ്നവും പ്രതീക്ഷയും നൽകിയ മഹത്തായ പ്രസ്ഥാനം. ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് ഭേദഗതി ചെയ്തു ഡ്രഗ് ലൈസൻസ് ലഭിക്കാൻ ഫാർമസിസ്റ്റിനു പകരം മെഡിക്കൽ സ്റ്റോറുകളിൽ 5 വർഷത്തെ പരിചയമുള്ളവർ മതി എന്ന പാർലമെന്റ് സമിതിയുടെ ശുപാർശയ്ക്കെതിരെ നടത്തിയ അഖിലേന്ത്യാ പ്രക്ഷോഭം ഉൾപ്പെടെ നിരവധി സമരങ്ങൾക്കും, നിയമ നടപടികൾക്കും 2004 ൽ നേതൃത്വം നൽകിയത് FIPO ആയിരുന്നു.

സംസ്ഥാനത്ത് ഏറെക്കാലം സജീവമല്ലായിരുന്ന FIPO പ്രവർത്തനം സജീവമാക്കാൻ 2022 ആഗസ്റ്റ് മാസത്തിൽ തിരുവനന്തപുരം KGPA ഭവനിൽ ചേർന്ന വിവിധ സംഘടന ഭാരവാഹികളുടെ യോഗം തീരുമാനിക്കുകയുണ്ടായി. തുടർന്ന് 25.09.22 നു ലോക ഫാർമസിസ്റ്റ് ദിനത്തിൽ തൃശൂരിൽ വമ്പിച്ച ഫാർമാ റാലിയും, സംഗമവും നടത്തുകയുണ്ടായി.

## സബ്ബ് സെന്റർ മരുന്ന് വിതരണം

സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളിലൂടെ ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെ 78 ഇനം മരുന്നുകൾ ഫാർമസിസ്റ്റുകൾ ഇല്ലാതെ നൽകാനുള്ള, ഫാർമസി നിയമത്തിനു വിരുദ്ധമായ നീക്കത്തിനെതിരെ FIPO സംസ്ഥാന കമ്മറ്റി ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് പരാതി സമർപ്പിക്കുകയുണ്ടായി. PCI ഇത് ഗൗരവമായി എടുക്കുകയും ഫാർമസി നിയമ വ്യവസ്ഥ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ് സെക്രട്ടറി, സംസ്ഥാന ഫാർമസി കൗൺസിൽ എന്നിവർക്ക് കത്ത് നൽകുകയുണ്ടായി. (നമ്പർ: 2-26/2022-PCI) ഇപ്പോൾ ആരോഗ്യം വകുപ്പ് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആക്കുന്ന സബ്ബ് സെന്ററുകൾക്കുള്ള പുതുക്കിയ മരുന്ന് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ മരുന്നുകളുടെ എണ്ണം 31 ആക്കുകയും NCD മരുന്നുകൾ, ആന്റിബയോട്ടിക് എന്നിവ ഒഴിവാക്കിയതായും കാണുന്നു. നമ്മുടെ ഇടപെടൽ ഫലം

കാണുന്നു എന്നതിന്റെ സൂചനയാണിത്. KGPA DHS ഓഫീസിന് മുന്നിൽ നടത്തിയ വൻ പ്രക്ഷോഭവും സ്മരണീയമാണ്.

സംസ്ഥാനത്ത് ഫാർമസി പ്രൊഫഷൻ നിയന്ത്രിക്കാൻ നിയമപരമായി അധികാരമുള്ള സ്റ്റാറ്റ്യൂട്ടറി ബോഡിയായ സംസ്ഥാന ഫാർമസി കൗൺസിൽ ഇക്കാര്യത്തിൽ പറയത്തക്ക ഒരു നടപടിയും സ്വീകരിച്ചില്ല എന്നത് നിർഭാഗ്യകരമാണ്.

## ഫാർമസി ആക്ട് പരിഷ്കരണം

1948 ലെ ഫാർമസി ആക്ട് പരിഷ്കരിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയും അതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തുനിന്ന് ഈ സമിതിയിൽ ഉൾപ്പെട്ട ഡോ. മഞ്ജു നായർ, ഡോ. ബിജോ മാത്യു എന്നിവരുമായി FIPO സംസ്ഥാന കമ്മറ്റി ബന്ധപ്പെടുകയും ഫാർമസി നിയമത്തിൽ കാലോചിതമായി വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചു നിവേദനം നൽകുകയും ചെയ്തു. ഡോ. മഞ്ജു നായരുമായി FIPO പ്രതിനിധികൾ തിരുവനന്തപുരത്തു വച്ച് ഒരു ഫലപ്രദമായ കൂടിക്കാഴ്ച നടത്തുകയും ചെയ്തു. ഫാർമസി ആക്ട്, ഫാർമസി കൗൺസിൽ, ഫാർമസി വിദ്യാഭ്യാസം എന്നിവയാണ് പരിഷ്കരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. താഴെ പറയുന്ന നിർദ്ദേശങ്ങളാണ് FIPO മുഖ്യമായും മുന്നോട്ടുവച്ചത്.

We would like to put the following important suggestions before the committee and the Union Government.

1. Before preparing draft, the committee shall call suggestions from Associations of Registered Pharmacists of the country.
2. The draft prepared by the committee shall be made available for all Associations of Registered Pharmacists in central and states and discussed before finalisation.
3. The paras regarding, dispensing by unregistered persons Chapter V Miscellaneous section 42(1), (2) and (3) are not diluted under any circumstances because the people have the right to receive their medicines from professionally qualified hands with appropriate directions for use and counselling.
4. Section 42(1) paragraph 2

   "Provided that this sub section shall not apply to the dispensing by a medical practitioner of medicine for his own patients, or with the general or special sanction of the state government, for the patients of another medical officer" should be deleted.

   Cause: Now sufficient numbers of registered pharmacists are available in our country. So such situation of being dispensed by a medical officer is not exists. Also medical practitioners have more responsibilities regarding the examination, diagnosis and deciding treatment and next patient is waiting for their attention. And dispensing technics are not covered in the medical curriculum.

   Do not allow any other persons other than Registered Pharmacists for dispense medicines.
5. The fine and imprisonment as per section 42(2) is to be enhanced to Rs. One lakh and One year.
6. Chapter II, Pharmacy Council of India; 3) Constitution and composition of central council.

   (b) This provision may be changed as: Six members shall be persons possessing a degree or diploma in and practising pharmacy nominated by the central govt.

   (Of whom atleast (four), and or pharmaceutical chemisry is to be deleted)

7. Section 12 Approved courses of study and examinations - An additional para as serial no. 4 must be included as follows:

All courses of study in pharmacy, pharmaceutical chemistry or which impart training on handle, stock, storage and distribution of drugs must be conducted as per pharmacy education regulations and with prior sanction of the central council.

Chapter III, State Pharmacy Councils

19(b) may be changed as: Five members shall be persons possessing a prescribed degree or diploma in pharmacy or registered pharmacist nominated by the State Govt.

(of whom at least (three) may be deleted)

8. a) The minimum education qualification to be registered as registered pharmacist is to be revised as B.Pharm and the diploma should be stopped with out affecting the practice of present diploma holders. If under any circumstances it is decided to continue diploma in pharmacy the duration of course to be extended to 3 years.

b) Subjects like Basics of life saving technics, emergency management, first aid, pediatrics, gynecology and management of common minor ailments, etc are included the curriculum to equip the registered pharmacist as a health care provider.

# മഴ




**അശ്വതി കെ.എ.**
PHC, എഴുപുന്ന


**മഴയായ് പെയ്തീടാൻ മോഹം
കാറ്റിൻ ദിശയിൽ ചാഞ്ഞ്
ഭൂമിയുടെ നെറുകയിലേക്ക്
ദലമുകുളങ്ങളിൽ വീണു ചിന്നിച്ചിതറി
അൽപ്പായുസ്സ് എങ്കിലും
ലക്ഷ്യം ഇല്ലാതെ പെയ്തീടണം...
മണ്ണിൽ വീണുടൻ ഇല്ലാതെയായീടണം...
തടാകങ്ങളിൽ വീണതിൻ
അളവ് വർധിക്കണം...
നെൽചെടികളിൽ വീണതിൻ
വളർച്ചക്ക് കാരണം ആയീടണം...
മഴയാം എന്നെ നോക്കി
ഗായകർ ആകാം ചിലർ...
പെയ്തതിനെ ശപിച്ചുകൊണ്ട്
തെരുവേരങ്ങളിൽ
അന്തി ഉറച്ചീടാം ചിലർ...**



# മനോജ് എം.കെ.
## സംഘടനയുടെ കാവലാൾ



**ബിജൽ കുമാർ ബി.**
എറണാകുളം




**കെ.**ജി.പി.എ. നേതൃത്വനിരയിലെ കരുത്തുറ്റ ഒരു പ്രവർത്തകൻ കൂടി സർവീസി നോട് വിട പറയുന്നു. 15 വർഷം മാത്രം നീണ്ടു നിന്ന ആരോഗ്യമേഖലയിലെ സേവനത്തോ ടൊപ്പം സഹപ്രവർത്തകരുടെയും സമകാലിക മായ പ്രശ്നങ്ങളെയും ഫാർമസി മേഖലയിലെ പിന്നോട്ടുള്ള കാഴ്ചപ്പാടുകളെയും ആഴത്തിൽ മനസിലാക്കി അത്തരം വിഷയങ്ങളെ അഭിസം ബോധന ചെയ്യേണ്ട ചുമതല കൂടി ഏറ്റെടുത്ത് മുന്നോട്ട് നടന്ന ഒരാൾ എന്ന നിലയിൽ മനോജ് എം.കെ. വ്യത്യസ്തനാവുന്നു,,

മികച്ച സാമ്പത്തിക സുരക്ഷയുള്ള ഒരു വിദേശജോലി വേണ്ടന്ന് വച്ച് ഫാർമസിസ്റ്റായി പൊതു ആരോഗ്യമേഖലയിൽ വന്നയാളാണ് അദ്ദേഹം. സേവനത്തിന്റെ നിഷ്കർഷക്ക് ഒപ്പം നമുക്ക് ചുറ്റും നോക്കി അനീതികളോട് പ്രതിക രിക്കുകയും തിരസ്ക്കാരത്തിന്റെ കാറ്റിന് എതിരെ സംസാരിക്കുകയും ചെയ്തതോട് കൂടി അദ്ദേഹം കെ.ജി.പി.എ. പ്രവർത്തകനായി മാറി.

എറണാകുളം ജില്ലയിൽ സംഘടനയെ നിരവധി പേർക്ക് ഒപ്പം നിന്ന് നയിക്കുകയും വ്യത്യസ്തമായ നീക്കുപോക്കുകളിലൂടെ സം ഘടനാ പ്രവർത്തനത്തിന്റെ മുഖശ്രീ നമുക്ക് ചുറ്റും നട്ടുപിടിപ്പിച്ച ഒരാളുമാണ് മനോജ് എം.കെ.

സംസ്ഥാന സെക്രട്ടറി എന്ന തലത്തിൽ പ്രവർത്തിക്കുമ്പോൾ സംഘടന നടത്തുന്ന നിരവധി കേസുകൾ പഠിച്ച് അവ കോടതി സമ ക്ഷം വക്കീലുമായി സംസാരിച്ച് പോയിന്റുകൾ കൊണ്ടുവരുന്നതിൽ അദ്ദേഹം മികച്ച പ്രവർ ത്തനം കാഴ്ചവെച്ചു..

ആസ്ഥാന മന്ദിരമെന്ന സ്വപ്നം പൂവണി യിക്കുന്നതിൽ അഹോരാത്രം പണിപ്പെട്ട പ്രവർത്തകരിൽ പ്രധാനി കൂടിയാണ് മനോജ്. നിരന്തരം അത്തരം ആവശ്യങ്ങൾക്കായി യാത്ര ചെയ്യുകയും അതിന്റെ അറ്റകുറ്റപണികൾ ക്കായും ഭാവനാപൂർണ്ണമായ ആശയം വിഭാ വനം ചെയ്തതും അദ്ദേഹമാണ്,

ജില്ലാ സമ്മേളനങ്ങളിൽ സംസ്ഥാന നേതൃത്വത്തെ പ്രതിനിധീകരിച്ച് ഏല്ലാ ജില്ലക ളിലും അദ്ദേഹം എത്തിയിരിന്നു. ചുരുങ്ങിയ വാക്കുകളിൽ സംഘടനാ പ്രവർത്തനങ്ങളെ വിശകലനം ചെയ്ത് വീറുറ്റ ഒരു പോരാളി യായി മനോജ് തിളങ്ങി നിന്നു. സംസ്ഥാന ട്രഷറർ എന്ന നിലയിൽ ഒരു വർഷമെ അദ്ദേ ഹം ഇരുന്നുള്ളൂ എങ്കിലും സംഘടനയെ സാമ്പത്തിക സുരക്ഷയുടെ കൂട്ടിൽ കൊണ്ടു ചെന്നെത്തിക്കാൻ അദ്ദേഹത്തിനായി. നാളിതു വരെ ചെറുതല്ലാത്ത ആശയങ്ങൾക്ക് ഒപ്പം ചെറുപ്പം നിന്ന ചിന്തകളും പ്രായം മറന്ന ചുറു ചുറുക്കും അദ്ദേഹം നമുക്ക് നൽകി. വിശ്വസിച്ച് ഏൽപ്പിക്കാവുന്ന പ്രവർത്തികളിലൂടെ സംഘ ടനാ വിജയങ്ങൾക്ക് എന്നും കൂട്ടാളിയായി നടന്ന ഒരാളുടെ വിടവാങ്ങൽ സംഘടനയിൽ ചെറുതായ പോറലുകൾ ഏൽപ്പിക്കാം. അദ്ദേ ഹം പ്രവർത്തനങ്ങളിലൂടെയും വാക്കുകളിലൂ ടെയും പ്രചോദിപ്പിച്ച് വിട്ടവരുടെ തലമുറ ആ വിടവ് നികത്തുക തന്നെ ചെയ്യും. അതാണ് നമുക്ക് മനോജ് എം.കെ. എന്ന നേതാവിന് നൽകാനുള്ള ആദരവും.

## ജാർഖണ്ഡ് മുഖ്യമന്ത്രിയുടെ പ്രസ്താവന




ജാർഖണ്ഡ് മുഖ്യമന്ത്രി ശ്രീ. ഹേമന്ത്സോറൻ ഏതാനും ആഴ്ചകൾക്ക് മുൻപ് രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾ ഇല്ലാതെ ഗ്രാമങ്ങളിൽ മെഡിക്കൽ സ്റ്റോറുകൾ തുറക്കാൻ അനുമതി നൽകുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് നടത്തിയ പ്രസ്താവന *ഇന്ത്യൻ എക്സ്പ്രസ്സിൽ* വന്നത് രാജ്യത്താകെ ഫാർമസിസ്റ്റുകളുടെ ഇടയിൽ വലിയ ചർച്ചയ്ക്ക് വഴിവയ്ക്കുകയുണ്ടായി. കാലത്തിനു യോജിക്കാത്തതും, ജനങ്ങൾക്ക് ഫാർമസിസ്റ്റിന്റെ സേവനം നിഷേധിക്കുന്നതും അപകടകരവുമായ ഈ നീക്കം തൊഴിൽ തേടുന്ന ഫാർമസിസ്റ്റുകളോടുള്ള കടുത്ത വെല്ലുവിളിയായിരുന്നു. ആയിരക്കണക്കിന് ഫാർമസിസ്റ്റുകൾ വർഷംതോറും ഡിപ്ലോമ, ഡിഗ്രി, പി.ജി., ഫാം ഡി എന്നിവ കഴിഞ്ഞു നമ്മുടെ രാജ്യത്ത് പുറത്തിറങ്ങുന്നു. ഇവർക്ക് തൊഴിൽ നൽകാനുള്ള സംവിധാനം ഇല്ലാത്ത രാജ്യത്ത് ഫാർമസിസ്റ്റുകൾ ചെയ്യേണ്ട തൊഴിൽ പോലും നിഷേധിക്കാനുള്ള നീക്കമാണിത്. ഒരു ഭാഗത്തു ഫാർമസി കോളേജുകൾ തുറന്നുവയ്ക്കുകയും, മറുഭാഗത്ത് ഫാർമസിസ്റ്റുകളുടെ തൊഴിൽ നിയമവിരുദ്ധമായി യോഗ്യതയില്ലാത്തവർക്ക് കുറുക്കുവഴികളിലൂടെ പതിച്ചു നൽകാനുമുള്ള ഈ നീക്കം പരാജയപ്പെടുത്തേണ്ടതു നമ്മുടെ നിലനിൽപ്പിന്റെ പ്രശ്നമാണ്. ജാർഖണ്ഡിലെ ഫാർമസിസ്റ്റുകൾ ഇതിനെതിരെ തെരുവിലിറങ്ങി പ്രതിഷേധിച്ചു. മുഖ്യമന്ത്രിയുടെ കോലം കത്തിക്കൽ ഉൾപ്പെടെയുള്ള പ്രക്ഷോഭങ്ങളിലേക്ക് നീങ്ങി. രാജ്യത്തെമ്പാടുമുള്ള ഫാർമസിസ്റ്റുമാരുടെ ഈ പ്രതിഷേധത്തിൽ FIPO മുൻപന്തിയിൽ തന്നെ ഉണ്ടായിരുന്നു. ജാർഖണ്ഡ് ഫാർമസി കൗൺസിൽ പ്രസിഡന്റ് അനിൽ കാന്ത് സിംഗ്, പി.സി.ഐ. അംഗം ധർമേന്ദ്ര സിംഗ് എന്നിവരുമായി നാം സമ്പർക്കം പുലർത്തുകയും പ്രതികരണ പരിപാടികൾ നിരീക്ഷിക്കുകയും ചെയ്തു. FIPO സംസ്ഥാന കമ്മറ്റി ജാർഖണ്ഡ് മുഖ്യമന്ത്രിക്ക് പ്രതിഷേധക്കത്ത് അയയ്ക്കുകയും ചെയ്തു.

## താൽക്കാലിക ഫാർമസിസ്റ്റുകളുടെ വേതനം

സംസ്ഥാനത്തെ ആരോഗ്യകേന്ദ്രങ്ങളിൽ താൽക്കാലികമായി ജോലിചെയ്തുവരുന്ന ഫാർമസിസ്റ്റുകൾക്ക് സർക്കാർ പ്രഖ്യാപിച്ച വേതനം പലയിടത്തും ലഭിക്കുന്നില്ല. ഇന്നും പലയിടത്തും പ്രതിദിനം 400-500 രൂപ മാത്രം നൽകിവരുന്നതായി വിവരാവകാശ നിയമപ്രകാരം ശേഖരിച്ച മറുപടിയിൽ നിന്നും വ്യക്തമായി. ഇക്കാര്യം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിക്ക് FIPO നിവേദനം നൽകിയിരിക്കുകയാണ്. ഇതിന്റെ തുടർനടപടികളുമായി മുന്നോട്ട് പോകുമ്പോൾ ഫാർമസിസ്റ്റുകളുടെ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

## സ്വകാര്യ ഫാർമസികളിലെ ഡിസ്പെൻസിങ്ങ്

സംസ്ഥാനത്തെ സ്വകാര്യ ഫാർമസികളിൽ മരുന്ന് ഡിസ്പെൻസ് ചെയ്യുന്നത് ഫാർമസിസ്റ്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വേണമെന്ന ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ചട്ടം

ഇന്നും ഏട്ടിലെപശുവായി തുടരുകയാണ്. അഞ്ചും പത്തും പേർ ജോലി ചെയ്യുന്ന മെഡിക്കൽ സ്റ്റോറിൽ പോലും ഒരു ഫാർമസിസ്റ്റ് ആണ് ഉണ്ടാവുക. ഫാർമസിസ്റ്റ് ഉള്ളപ്പോൾ പോലും കാണാതെയും, ഇല്ലാത്തപ്പോഴും യഥേഷ്ടം മരുന്ന് ഡിസ്പെൻസിങ്ങ് നടക്കുന്ന സ്ഥിതിയാണുള്ളത്. ഇതു നിയമവിരുദ്ധവും രോഗികളുടെ അവകാശങ്ങൾ ലംഘിക്കുന്നതുമാണ്. ആന്റിബയോട്ടിക് ഉപയോഗം നിയന്ത്രിക്കുന്നതിനും മയക്കുമരുന്ന് ദുരുപയോഗം നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾക്ക് ഫാർമസിസ്റ്റുകളുടെ സേവനം അത്യാവശ്യമാണ്. ഒരു ഫാർമസിസ്റ്റ് എന്നതിന് പകരം ആവശ്യത്തിന് ഫാർമസിസ്റ്റുകളെ ഫാർമസികളിൽ നിയമിച്ചുകൊണ്ടേ ഇത് പരിഹരിക്കാൻ സാധിക്കൂ. ഇക്കാര്യം ചൂണ്ടിക്കാണിച്ചു സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്കു നിവേദനം നൽകിയിരിക്കുകയാണ്.

സംസ്ഥാനത്തെ ഫാർമസി മേഖലയുടെ ശാക്തീകരണത്തിനും, അശാസ്ത്രീയവും നിയമവിരുദ്ധവുമായ ഇടപെടലുകൾക്കുമെതിരെ FIPO തുടർന്നും മുന്നോട്ട് പോകുമ്പോൾ എല്ലാ വിഭാഗം ഫാർമസിസ്റ്റുകളുടെയും പിന്തുണ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

## നിവേദനങ്ങൾ

• KMSCL വിതരണം ചെയ്ത ബ്ലീച്ചിംങ് പൗഡർ ഗുണനിലവാരം ഇല്ലാത്തതിനാൽ മരവിപ്പിച്ചിരുന്നു. ധാരാളം സ്ഥലം കളഞ്ഞ് സ്ഥാപനത്തിൽ കെട്ടിക്കിടക്കുന്ന അവ തിരിച്ചെടുക്കണമെന്ന് ആവശ്യപ്പെട്ട് KMSCL എം.ഡി. ക്ക് നിവേദനം നൽകി.

• ഒരു ഫാർമസിസ്റ്റ് തസ്തിക മാത്രം ഉള്ള പ്രാഥമിക കേന്ദ്രങ്ങളിൽ സാമൂഹിക ആരോഗ്യകേന്ദ്രങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ഫാർമിസ്റ്റുകളെ നിയമിക്കുന്നതിൽ പദ്ധതി മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണമന്ത്രിക്ക് നിവേദനം നൽകി.

• സർക്കാർ ഏറ്റെടുത്ത പരിയാരം മെഡിക്കൽ കോളേജിലെ ഫാർമസിസ്റ്റുമാരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ജീവനക്കാരായി ആഗിരണം ചെയ്യുന്നത് സംബന്ധിച്ച് വകുപ്പ് സെക്രട്ടറിക്ക് നിവേദനം നൽകി.

• ജില്ലാ മരുന്ന് സംഭരണശാലയിൽ നിന്ന് മരുന്നുകൾ എത്തിക്കുന്നതിൽ വാഹനം ലഭ്യമല്ലാത്തതിനാൽ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ മാനേജ് ഡയറക്ടറുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

• ESI സ്ഥാപനങ്ങളിൽ ഫാർമിസ്റ്റുകളുടെ ഒഴിവ് നികത്തുന്നതിന് വേണ്ടി PSC നിയമനങ്ങൾ ത്വരിതപ്പെടുത്തണമെന്നും എംപ്ലോയ്മെന്റ് അടിസ്ഥാനത്തിൽ നിയമനങ്ങൾ ഏത്രയും വേഗം നടത്തണമെന്നും ആവശ്യപ്പെട്ട് PSC ചെയർമാനും ഡയറക്ടർക്കും നിവേദനം നൽകി.

• ഡെന്റൽ കോളേജ് പ്രിൻസിപ്പലിന് തിരുവനന്തപുരം മരുന്നുകൾ കൈകാര്യം ചെയ്യുന്നത് യോഗ്യതയില്ലാത്തവർ ആണെന്ന് ചൂണ്ടിക്കാണിച്ച് നിവേദനം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം ചൂണ്ടിക്കാണിച്ച് ഡ്രഗ് കൺട്രോൾ റിപ്പോർട്ട് ചെയ്തതിന്റെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്.

• കുടുംബാരോഗ്യകേന്ദ്രത്തിലെ ഫാർമസിസ്റ്റുകൾ ജോലി സമയങ്ങളിലും ഉച്ചഭക്ഷണ നേരത്തും നേരിടുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാണിച്ച് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിവേദനം നൽകി. തുടർച്ചയായി 8 മണിക്കൂർ ജോലി എന്നത് ശാരീരികമായും, മാനസികമായും ജോലിക്കാരെ തളർത്തുന്നത് ആകയാൽ ഇടവേളകൾ ഉൾപ്പെടുത്തി ജോലി സമയം പരിഷ്കരിക്കണമെന്നും ആവശ്യപ്പെട്ടു.

# ജില്ലാ വാർത്തകൾ

## എറണാകുളം

കെജിപിഎ എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 25.6.2023 ന് ആലുവ ബ്ലഡ് ബാങ്ക് ഹോളിൽ വച്ച് നടന്ന യാത്രയയപ്പ് – അനുമോദന പരിപാടിയിൽ 40 പേർ പങ്കെടുത്തു...... സർവീസിൽ നിന്നും വിരമിച്ചവർക്ക് യാത്രയയപ്പ് നൽകി. SSLC, പ്ലസ് 2 വിഭാഗങ്ങളിൽ ഉന്നത വിജയം നേടിയ KGPA അംഗങ്ങളുടെ മക്കൾക്ക് അനുമോദനം നൽകി...

## തൃശൂർ

സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമായി തൃശൂർ ജില്ലയിലെ ഒമ്പതോളം സ്ഥാപനങ്ങൾ സന്ദർശിച്ചു. സംഘടനാ വിദ്യാഭ്യാസം അവർക്കായി നൽകുകയും ഫാർമസി സംവിധാനത്തിലെ മാൻപവർ കുറവിനെ സംബന്ധിച്ച് അവരുടെ മെഡിക്കൽ ഓഫീസർമാരുമായി ചർച്ച നടത്തുകയും ചെയ്തു. കുടുംബാരോഗ്യ കേന്ദ്രം എന്ന കാഴ്ചപ്പാടിൽ തസ്തിക രൂപീകരത്തിനായി തദ്ദേശ സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തി തീരുമാനമെടുക്കണമെന്ന് സ്ഥാപന മേധാവികളെ കണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഫാർമസി ബുള്ളറ്റിനും കലണ്ടറും സ്ഥാപനങ്ങളിൽ വിതരണം ചെയ്തു. വിവിധ വിഷയങ്ങളിൽ അവരുയർത്തിയ ചോദ്യങ്ങൾക്ക് സംഘടനാ ചട്ടക്കൂടിൽ നിന്ന് മറുപടി നൽകിയിട്ടുണ്ട്. മഴക്കാല തിരക്കിന്റെ തീരത്താണ് പലരും. പകരക്കാർ പലതാവുമ്പോൾ തെറ്റിപോവുന്ന ഫാർമസി നിയമങ്ങൾക്ക് ശാശ്വത പരിഹാരം തിരക്കി നമുക്കിനിയും ഒരുപാട് യാത്ര ചെയ്യണ്ടതുണ്ട്. ഫാർമസിസ്റ്റിന്റെ ഉത്തരവാദിത്വങ്ങളെപ്പറ്റിയും രണ്ടാമത് ഒരാളെ പറ്റിയും അവബോധമുള്ളവർ അവസ്ഥകളിൽ പലപ്പോഴും നിസ്സഹായരാവുന്നുവോ?... ഉച്ചവരെയെന്ന തീർപ്പുകളിൽ രണ്ടാമതൊരാളെ പറ്റി ചിന്തിക്കാൻ നമ്മൾ മറക്കുകയാണ്.

പുതിയ മുഖങ്ങളെ സംഘടനാ സംവിധാനം പഠിപ്പിക്കാനും അവർക്കായി ഒപ്പമുണ്ടെന്ന ചിന്ത വളർത്താനും ഇന്നത്തെ സന്ദർശനം ഉപകാരപ്പെട്ടു.

## കോഴിക്കോട്


കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന് നിവേദനം നൽകി : ചെറൂപ്പ ഹെൽത്ത് സെന്ററിൽ (MCH യൂണിറ്റ്) അത്യാവശ്യമായി ഒരു ഫാർമസിസ്റ്റിനെ കൂടി നിയമിക്കണമെന്നാവശ്യപ്പെട്ട് കെ.ജി.പി.എ. കോഴിക്കോട് ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ കോഴിക്കോട് മെഡിക്കൽ കോളജ് പ്രിൻസിപ്പാളിന് നിവേദനം നൽകി സംസാരിച്ചു. സംസ്ഥാന ഓഫീസ് സെക്രട്ടറി രൂപേഷ് കെ, മെഡിക്കൽ കോളേജ് ബ്രാഞ്ച് പ്രസിഡണ്ട് സുമിത, രഞ്ജിനി, ശ്രീലേഷ് എന്നിവർ പങ്കെടുത്തു.

## ആലപ്പുഴ

ആലപ്പുഴ ജില്ലാ മരുന്നു ശാലയിൽ നിന്നും മരുന്ന് വിതരണം കാര്യക്ഷമമാക്കുക, വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ വിതരണം ചെയ്ത വെയർ ഹൗസുകളിൽ തീ പിടിക്കാൻ സാഹചര്യമുണ്ടായ ബാച്ചിലുള്ള ബ്ലീച്ചിംഗ് പൗഡർ മറ്റ് Freebed / STOP ആയ Bleaching powder വെയർ ഹൗസിലേക്ക് സമയബന്ധിതമായി തിരിച്ചെടുക്കുക.

സർവ്വീസിൽ നിന്നും വിരമിച്ച ഫാർമസിസ്റ്റുകൾക്ക് NLC/Lc നൽകുന്നതിനായി ആ സ്ഥാപനങ്ങളിൽ Store varification നടപടികൾ വേഗത്തിലാക്കുക എന്നീ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസർക്ക് നിവേദനം നൽകി.

**I am Not a Doctor, But Doctor's are incomplete without Me.**
**Yes, I am PHARMACIST**



# ഓർമ്മകളിൽ ഒരു മുഖ്യമന്ത്രി



**ടി. ജി. ഷൈൻ**
PSK, താലൂക്ക് ആശുപത്രി,
ഒറ്റപ്പാലം

**കേ**രള ചരിത്രത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി മുഖ്യമന്ത്രിമാരെ കുറിച്ച് വായിച്ചറിയാനും മൂന്ന് മുഖ്യമന്ത്രിമാരെ അടുത്ത് കണ്ടറിയാനും എംഎൽഎ, എംപി എന്നിവരുടെ സ്റ്റാഫ് അംഗം എന്ന നിലയിൽ ഡെപ്യൂട്ടേഷനിൽ കഴിഞ്ഞ അവസരങ്ങളിൽ അവസരം ലഭിച്ചിട്ടുണ്ട്. അതിൽ ഒരുകാലത്തും മറക്കാനാവാത്ത മുഖ്യമന്ത്രിയാണ് ശ്രീ ഉമ്മൻ ചാണ്ടി. ഒരു ഭരണാധികാരി എങ്ങനെയായിരിക്കണം എന്നതിന്റെ ഉത്തമ ഉദാഹരണമാണ് അദ്ദേഹം എന്ന് കരുതുന്നില്ല. ഒരു മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ പോലെയായാൽ അയാളുടെ രാഷ്ട്രീയ ജീവിതം മാത്രമല്ല വ്യക്തിജീവിതം പോലും അപകടത്തിലായേക്കും എന്ന് ഉറപ്പാണ്. കാരണം അത്രയേറെ ഉദാരമതിയായിരുന്നു കേരളം ഭരിച്ച മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി.

ഏതു പരാതി കേട്ടാലും അയാളുടെ സങ്കടം കണ്ടറിഞ്ഞ് ഉടൻതന്നെ നേരിട്ടോ സ്റ്റാഫ് വഴിയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ച് പരിഹാരം കണ്ടെത്തുന്ന, ജില്ലാ കളക്ടറുടെ പരിശോധന പോലും ഇല്ലാതെ മുഖ്യമന്ത്രിയുടെ സഹായനിധിയിൽ നിന്നും അർഹമായ തുക സങ്കടം പറഞ്ഞെത്തുന്ന ആളുടെ മുന്നിൽ വച്ച് തന്നെ അനുവദിക്കുന്ന ഒരു മുഖ്യമന്ത്രി! സ്വന്തം പാർട്ടിയുടെ എംഎൽഎ അല്ലാതിരുന്നിട്ടും, പി.എയോട് ചോദിച്ച് സഹായധനം എഴുതുന്ന ഒരു മുഖ്യമന്ത്രി എനിക്ക് അന്ന് അത്ഭുതമായിരുന്നു. ഏതു നാട്ടുകാരനാണെന്നോ ഏത് പാർട്ടിക്കാരൻ ആണെന്നോ നോക്കാതെ, ഒരു പാസ്സും എടുക്കാതെ ആർക്കും രാത്രി 12 മണി വരെ സെക്രട്ടറിയേറ്റിലെ ഓഫീസിൽ കയറി കാണാവുന്നത്രയും സാധാരണക്കാരനായ അദ്ദേഹത്തിന്റെ മഹത്വം അദ്ദേഹത്തിന്റെ കാലഘട്ടത്തിന് ശേഷമാണ് കൂടുതൽ ബോധ്യമായത്. ഒരിക്കൽ തിരുവനന്തപുരത്തുനിന്നുള്ളഅമൃത ട്രെയിൻ യാത്രയ്ക്കിടയിൽ രാത്രി 11 മണിയോടെ സാധാരണ സ്ലീപ്പർ ക്ലാസിലെ സൈഡ് ബർത്തിലിരുന്ന് ഫോൺ ചെയ്യുന്ന മുഖ്യമന്ത്രിയെ കണ്ടു. പെട്ടെന്ന് യാത്ര തീരുമാനിച്ച അദ്ദേഹത്തിന് സ്ലീപ്പർ ക്ലാസ് ടിക്കറ്റ് ആണ് ലഭിച്ചത്. ഞാനും പിന്നീട് എംഎൽഎ ശ്രീ ഉമേഷ് ചള്ളിയിലും, എ.സി കോച്ചിലെ ടിക്കറ്റ് എക്സാമിനറും ഞങ്ങളുടെ എ.സി. ബർത്ത് അദ്ദേഹത്തിന് ഓഫർ ചെയ്തെങ്കിലും അദ്ദേഹം സ്വീകരിച്ചില്ല. നാറ്റമടിക്കുന്ന സ്ലീപ്പർ കോച്ചിലെ ബാത്ത്റൂമിന് അടുത്ത ബർത്തിൽ ഗാഢ നിദ്രയിലായ മുഖ്യമന്ത്രിയെ കണ്ടാണ് പുലർച്ചെ ആലുവയിൽ ഞങ്ങൾ ട്രെയിനിൽ നിന്നിറങ്ങിയത്!

ഭരണ മികവ് കൊണ്ട് പ്രാഗല്ഭ്യം തെളിയിച്ച മറ്റു മുഖ്യമന്ത്രിമാർ നമ്മുടെ മുന്നിലുണ്ട്, എന്നാൽ ജനങ്ങളുടെ സങ്കല്പപ്രകാരമുള്ള ഒരു മുഖ്യമന്ത്രി ആരാണെന്ന് ചോദിച്ചാൽ അതിന് ഉത്തരം ശ്രീ ഉമ്മൻചാണ്ടി എന്നായിരിക്കും എന്ന് തോന്നുന്നു.

# The War against Superbugs: Combating Antimicrobial Resistance What is Antimicrobial Resistance (AMR)?



**Dr. Mahalakshmi R.**

AMR occurs when bacteria, virus, fungi and parasites change over time and no longer respond to medicines making infection harder to treat and increasing the risk of disease spread severe illness and ultimately leading to death.

**Introduction**

According to WHO (World Health Organisation) AMR isone of the top 10 global public health threat with serious health, political and economic implications.Studies revealed that deaths due to drug-resistant infections can reach up to 10 million by 2050.In a world where people and microbes move freely, resistant infections can quickly spread across borders. This makes it crucial for all nations to work together to address AMR.

The Global Action Plan on AMR provides a broad framework for combating AMR.In this regard an international conference on AMR – "Combating Antimicrobial Resistance: A Public Health Challenge and Priority", was jointly organized by the Government of India and World Health Organization (WHO) in February 2016.Based on this National Health Policy was developed by India. The National Health Policy 2017 highlights the problem of antimicrobial resistance and calls fora rapid standardization of guidelines regarding antibiotic use, limiting the use of antibiotics as over-the-counter medications, banning or restricting the use of antibiotics as growth promoters in animal livestock, and pharmacovigilance including prescription audits inclusive of antibiotic usage in the hospital and community.




*Focus areas of NAP-AMR strategic priorities*

Kerala Government Under One Health project (KARSAP-2018) aims to declare Kerala as Antibiotic literate state by 2023.Under this project government official, researchers workers of local and regional sectors work together to respond to health threats in various ways to achieve the theme'***Spread awareness,***

***Stop resistance***'Earlier the slogan was Antibiotic resistance, now the slogan is Antimicrobial Resistanceas Superbugs like Resistant bacteria, Resistant virus, Resistant fungi etc are developed.

**What areAntimicrobials?**

Antimicrobials are classified as:-

- Antibiotic
- Antiviral
- Antifungal
- Antiparasitic


It is significant when treating infections that the most suitable antimicrobial is used. Indicating an antimicrobial regimen is multifaceted and involves clinical experience and interpreting test results, but at the same time being careful not to overuse drugs that might ultimately result in resistance and reduced effectiveness in the future.

**Mechanism of Action of Antimicrobials**

- Killing micobes
- Inhibit growth and multiplication of microorganisms

**What is Resistance?**

This is the ability of microbesto resist the effects of an antimicrobial agent.Due to this phenomenon the microbes survive and continue to multiply and cause illness.




**Antibiotic resistant infections**

| Diseases | Agent | Resistances |
|---|---|---|
| Pneumonia | *S pneumoniae* | Penicillin |
| Dysentery | *S dysenteriae* | Multiple resistances |
| Typhoid | *S typhi* | Multiple resistances |
| Gonorrhea | *N gonorrhoeae* | Penicillin and tetracycline |
| Tuberculosis | *M tuberculosis* | Rifampicine and INH |
| Nosocomial infections | *S aureus* | Methicillin, vancomycin |
| | *E species* | Vancomycin |
| | *Klebsiella, Pseudomonas* | Multiple resistances |

The table shows details of Common Diseases, microorganisms and the resistance towares Antimicrobial agents.

**Reasons for AMR**

- Misuse or over use of antimicrobials
- Lack of access to clean water, sanitation and hygiene (WASH)
- Poor access to quality /affordable medicines, vaccines and diagnostics
- Lack of awareness and knowledge
- Lack of enforcement of legislation

One of the most common clinical issues encountered in the dairy farms is mastitis, which maybe sub-clinical or overtly symptomatic. Commonly thought to be a disease of production, milk from mastitic cows and buffaloes have been shown to contain a wide range of bacteria, with a wide spectrum of resistance against commonly used antibiotics. In some cases, multiple drug resistant bacteria have been seen to co-infect animals suffering from mastitis.

| Reported aggregate resistance rates (from isolates of blood and cerebrospinal fluids from inpatients of all ages) among prevalent pathogens, by antibiotic class | India (%) | USA (%) | South Africa (%) | China (% |
|---|---|---|---|---|
| *Gram negative* | | | | |
| Carbapenem resistant *Klebsiella pneumoniae* | 59 | 3 | 7 | 36 |
| Fluoroquinolone resistant *Escherichia coli* | 84 | 31 | 28 | 56 |
| Carbapenem resistant *Acinetobacter baumanni* | 77 | 30 | 73 | 82 |
| *Gram positive* | | | | |
| Oxacillin resistance of *Staphylococcus aureus* | 39 | 45 | 27 | 38 |
| Aminoglycosides resistant *Enterococcus faecalis* | 60 | 34 | 50 | 31 |

http://aricjournal.biomedcentral.com/articles/10.1186/s13756-020-00873-9

The resistance data rely on different testing methodologies across the different countries. The data indicates that India is having more resistance rates with regard to most of the bacteria in comparison to other countries.

**Remedies to overcome AMR**

AMR is Multifactorial.Hence the remedies to overcome AMR may vary.This include :

Discreet Antibiotic Routine: Doctors, patients, and industries must use antibiotics reliably. Addressing the right drug, in the right patient for the right reason in the right dose and duration is essential to mitigate resistance. Over-the-counter sales of antibiotics must be stopped.

Enhanced Diagnostics: Quicker and more accurate diagnostic tests can help in identifying the specific cause of an infection and decide the tailored treatment policy. This moderates the overuse of broad-spectrum antibiotics.

Vaccination: Vaccines prevent many infe ctions which can lead to sepsis. Widespread vaccination programs can reduce the need for antibiotics in the first place.

Sanitation and hygiene: Mass education for the importance of high hygiene standards, resource allocation for the supplies of the same and ensuring compliance for adherence must be undertaken to limit the burden of infections.

Research and Development: Governments, pharmaceutical companies, and research institutions should invest in the development of new antibiotics and alternative treatments for drug-resistant infections.

**Future Interventions**

Measures that increase disease awareness and promotion of antibiotic stewardship must be adopted to prevent the rise of drug-resistant microbes. Quite a lot ofcommunal and private organizations worldwide are operational to develop innovative treatment approaches aimed at outsmarting these superbugs. These organizations must have the tools, funds, and business model necessary to continue to push innovation in the antimicrobial space and prepare for the pandemic of tomorrow, today.

കവിത

# പൂക്കളാകുന്ന മനുഷ്യർ





ഉമൈറ സി.കെ.
FHC, ആവോലി

മനുഷ്യരെല്ലാം പൂക്കളെ പോലെയാണ്..
പല നിറമുള്ള പല മണമുള്ള പലതരം മനുഷ്യർ
ചിലർ ചെമ്പകം പൂക്കുന്നതുപോലെ..
ഒരിക്കൽ പൂത്തുലഞ്ഞതിന്റെ സുഗന്ധം
ജന്മങ്ങൾക്കപ്പുറത്തേക്ക് പോലും
പേറാൻ കഴിയുന്നവർ..
പ്രിയപ്പെട്ടതൊന്നിനെ സ്വപ്നം കാണാൻ
തലയിണക്കടിയിൽ മറച്ചുവെക്കപ്പെട്ട ചെമ്പക പൂവ് പോലെ
വശ്യമായ സുഗന്ധം പേറുന്ന മറ്റെന്താണുള്ളത്??
ചില സ്വപ്നങ്ങൾക്കൊപ്പം സഞ്ചരിക്കാൻനമുക്കൊക്കെയും
ഒരു ചെമ്പക കൂട്ട് വേണം....
ചിലർ പാതിരാ മുല്ല പൂക്കുന്നത് പോലെയാ..
ലോകം മൊത്തം മയങ്ങുമ്പോഴും പൂത്തുവിടർന്നു
പരിലസിക്കുന്നവർ..
കണ്ടിരിക്കാൻ ഉണർന്നിരിക്കുന്നവന്റെ മുന്നിൽ മാത്രം
അഴകോടെ വിരിയുന്നവർ..
നാസികയിലേയ്ക്ക് തുളച്ചുകയറുന്ന ഗന്ധത്തെ പകർന്ന്
തരുന്നവർ...
ചിലർ പാടിയും പറഞ്ഞും പതിഞ്ഞ
പനിനീർ പൂക്കളെപ്പോലെ...
പൊതിഞ്ഞുനിൽക്കുന്ന മുൾവേലികെട്ടിനും മുകളിൽ
കാഴ്ചയുടെ വസന്തമൊരുക്കാൻ കഴിവുള്ളവർ...
അവരെ നോക്കി നിന്നെ മതിയാകൂ...
കൈയ്യെത്തിച്ച് പറിക്കാം എന്നോ കൂടെ കൂട്ടാം എന്നോ
കരുതേണ്ടതില്ല...
അവരിങ്ങനെ പൂത്തു വിടരട്ടെ...
കണ്ണിന് കുളിർമയേകാൻ മാത്രം..

ചെമ്പരത്തിപ്പൂക്കൾ ഭ്രാന്ത് പോലെ
പൂക്കുമെന്നാരോ പറയുന്നുണ്ടായിരുന്നു.
അതിനെക്കാളൊക്കെ ഭ്രാന്ത് ഹൃദയത്തിൽ പേറുന്നവർക്ക്
ഇതൊരലങ്കാരം മാത്രം...
ചിലർ തുളസിയും തുമ്പയും പോലെ
ഒരാചാരം പോലെ തുടക്കത്തിൽ നമ്മോടൊപ്പം
ചേരുന്നവർ...
നാൾക്കകം തന്നെ അവർ കൂടെയില്ലെന്നാൽ
നമ്മൾ നമ്മൾ അല്ലെന്ന്
തോന്നിപ്പിക്കാൻ കഴിവുള്ളവർ...
നിറം ഇത്തിരി കുറഞ്ഞാലും
ഗുണമേറെയുള്ളവർ..
ചിലർ എന്നാൽ ഇലഞ്ഞി പൂക്കുന്നതുപോലെ..
പൂത്താലും കൊഴിഞ്ഞാലും വാടിയാലും കരിഞ്ഞാലും
സുഗന്ധം മാത്രം പേറുന്ന ഒന്നുപോലെ....
എന്നെ നീ നിന്റെ ഇലഞ്ഞി ആക്കുക....??
ഇനി പറയൂ നീ എന്റെ പൂന്തോപ്പിലെ ഏത് പൂവായി
പൂക്കുമെന്നാണ് ???

# സംസ്ഥാന സമ്മേളനം








**ഇനി സംഘടനയെ നയിക്കേണ്ടവർ...**

കോഴിക്കോട് സമ്മേളനത്തിൽ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ഭാരവാഹികൾ, പ്രസിഡന്റ് ശ്രീ. എസ്. വിജയകുമാർ, ജനറൽ സെക്രട്ടറി ശ്രീ. എം.എസ്. മനോജ് കുമാർ എന്നിവരോടൊപ്പം





സംസ്ഥാനതല ലോക ഫാമർമസിസ്റ്റ് ദിനാഘോഷം ശ്രീ. ബെന്നി ബെഹനാൻ എം.പി. ആലുവായിൽ ഉദ്ഘാടനം ചെയ്യുന്നു.




കെ.ജി.പി.എ. സംസ്ഥാന സെക്രട്ടറി ശ്രീമതി. കെ. സരസ്വതിക്ക് യാത്രയയപ്പ്

Printed and Published by : M S Manoj Kumar, General Secretary, on behalf of Kerala Government Pharmacists' Association
Printed at Alwaye Press, Aluva, Ph: 0484-2623318, Editor: T G Manoj Ph: 9747594837